**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5886** **25-03-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം സ്പിന്നിംഗ് മിൽ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മലപ്പുറം സ്പിന്നിംഗ് മില്ലിൽ സ്റ്റാഫിനും ഓഫീസേഴ്സിനും ശമ്പളം ഈ സർക്കാർ വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; പ്രസ്തുത മാനദണ്ഡപ്രകാരം തൊഴിലാളികൾക്ക് ശമ്പളം വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് ശമ്പള വർദ്ധന നടപ്പിലാക്കാനാവുമെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. മലപ്പുറം സ്പിന്നിംഗ് മില്ലിലെ സ്റ്റാഫ്, ഓഫീസർ എന്നിവരുടെ ശമ്പളം വർദ്ധിപ്പിച്ച് കൊണ്ട് 16.03.2024 മിൽ രജിസ്ട്രാറായ കൈത്തറി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പ്രസ്തുത മിൽ തൊഴിലാളികളുടെ ശമ്പള വർദ്ധനവ് ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്നതാണ്. |
| (ബി) | ദീർഘകാല കരാറിൽ നാലുവർഷം കാലാവധി പൂർത്തിയാക്കിയ തൊഴിലാളികൾക്ക് കമ്പനികളിൽ ശമ്പള വർധന ചർച്ചകൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടനെ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ടെക്സ്ഫെഡിന് കീഴിലെ സഹകരണ സ്പിന്നിംഗ് മില്ലുകളിലെ തൊഴിലാളികൾക്ക് നിലവിലെ ടെക്സ്റ്റൈൽ ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റി (IRC) യുടെ മാർഗ നിർദ്ദേശപ്രകാരമുള്ള ഉഭയകക്ഷി ദീർഘ കാല കരാർ അനുസരിച്ചുള്ള സേവന വേതന വ്യവസ്ഥകൾ ഇപ്പോൾ നൽകി വരുന്നു. ശമ്പള വർദ്ധനവിനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ടെക്സ്റ്റൈൽ ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റിയിൽ ചർച്ച നടന്നുകൊണ്ടിരിക്കുന്നു. മാർഗ്ഗനിർദ്ദേശം വരുന്ന മുറയ്ക്ക് ഉഭയകക്ഷി ചർച്ച നടത്തി പുതിയ സേവന വേതന വ്യവസ്ഥകൾ നടപ്പാക്കാവുന്നതാണ്.<br><br>കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിലുള്ള കോട്ടയം ടെക്സ്റ്റൈൽസ് ഒഴികെയുള്ള ആറ് മില്ലുകളിലും സംസ്ഥാന തല ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റി മാർഗ നിർദേശങ്ങൾ പ്രകാരം ചർച്ചകൾ പൂർത്തിയാക്കി, തൊഴിലാളികളുടെ ദീർഘകാല കരാർ (LTA) നടപ്പിലാക്കി കഴിഞ്ഞു. കോട്ടയം ടെക്സ്റ്റൈൽസ് ദീർഘകാലമായി ലേ ഓഫിലായതിനാൽ LTA നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പുതിയ ദീർഘ കാല കരാർ സംബന്ധിച്ച ചർച്ചകൾ സംസ്ഥാനതല വ്യവസായ ബന്ധ സമിതി (IRC) യുടെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (സി) | സ്പിന്നിംഗ് മില്ലുകളിലെ തൊഴിലാളികൾക്ക് ഗ്രാറ്റ്വിറ്റിയും പി.എഫ്. കുടിശികയും നൽകാനുണ്ടോ; എങ്കിൽ ഓരോ സ്ഥാപനത്തിന്റെ പേരും എന്തു തുകയാണ് നൽകാൻ ഉള്ളതെന്നും വെളിപ്പെടുത്തുമോ; | (സി) | ഉണ്ട്. ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | സ്പിന്നിംഗ് മില്ലുകളിൽ കോടതിവിധി പ്രകാരം ഗ്രാറ്റ്വിറ്റി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണെന്നും എത്രപേർക്കാണെന്നും വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. ടെക്സ്ഫെഡിന് കീഴിലുള്ള തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ 10 പേർക്ക് ഗ്രാറ്റുവിറ്റി കുടിശിക നൽകിയിട്ടുണ്ട്. കൂടാതെ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റ് മില്ലുകളായ കോട്ടയം ടെക്സ്റ്റൈൽസിൽ നിന്നും വിരമിച്ച 8 പേർക്ക് പൂർണമായും പ്രഭുറാം മിൽസിൽ നിന്നുള്ള 4 പേർക്ക് പൂർണമായും, 11 പേർക്ക് ഭാഗീകമായും, എടരിക്കോട് ടെക്സ്റ്റൈൽസിൽ നിന്നുള്ള 13 പേർക്ക് പൂർണമായും കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഗ്രാറ്റുവിറ്റി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **സ്പിന്നിംഗ് മിൽ** | **പി.എഫ് കുടിശിക (രൂപ ലക്ഷത്തിൽ)** | **ഗ്രാറ്റുവിറ്റി കുടിശിക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ | 317.10 | 44.10 |
| ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ | 51.43 | 1.29 |
| പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ | 201.09 | 6.05 |
| തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ | 925 | 525 |
| കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ | 118.10 | 105 |
| മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ | 0 | 0 |
| മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ് | 95.42 | 31.13 |
| കെ.കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ | 42 | 3.65 |
| കോട്ടയം ടെക്സ്റ്റൈൽസ് | 369.31 | 8.27 |
| കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസ് | 289.14 | 2.67 |
| പ്രഭുറാം മിൽസ് | 203.47 | 21.48 |
| മലബാർ സ്പിന്നിംഗ് മിൽസ് | 374.65 | 24.01 |
| എടരിക്കോട് ടെക്സ്റ്റൈൽസ് | 567.3 | 316.44 |
| ഹൈ ടെക് വീവിംഗ് മിൽസ്, പിണറായി | 104.08 | 3.11 |
| ഉദുമ ടെക്സ്റ്റൈൽ മിൽസ് | 72.79 | 4.16 |
| സീതാറാം ടെക്സ്റ്റൈൽസ് | 259 | 128 |
| ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ | 34.19 | 0 |

സെക്ഷൻ ഓഫീസർ